Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Email: art@art-artist.in
Ph: 8075303289

To,

15.12.2022

The Home Minister
The City Police Commissioner, TVM

Sir,

Sub: Request to Ban Nasik dhol Noise Terrorism in Residential areas / Public places.

Ref:
1. Nasik dhol nuisance, Video >> www.ail.art-artist.in Link-37 (b)
2. Nasik dhol, Research report >> www.ail.art-artist.in Link-37 (c)
3. Environment Protection Act. 1986, Sec. 15 >> www.ail.art-artist.in Link-4 (a)
4. Direction of District Magistrate, TVM >> www.ail.art-artist.in Link-2
5. Noise Pollution (Regulation and Control) Rules, 2000 >> www.ail.art-artist.in Link-4 (b)

1. Nasik dhol സംഘങ്ങൾ ആവാസമേഖലകളിലും പൊതുസ്ഥലങ്ങളിലും ഉണ്ടാക്കുന്ന Public Nuisance പൊതുജനങ്ങൾക്ക് ദ്രോഹവും വിവിധ ജീവിതശൈലി രോഗങ്ങൾക്ക് കാരണവുമാകുന്നു, ഈ Nasik dhol സംഘങ്ങളിൽ പ്രവർത്തിക്കുന്ന കുട്ടികൾ അവർ പോലുമറിയാതെ പല വിധ ആരോഗ്യ സാമൂഹ്യ പ്രശ്നങ്ങൾക്കും ഇരയാവുന്നു. അതിനാൽ ആവാസമേഖലകളിലും പൊതുസ്ഥലങ്ങളിലും ഈ Nasik dhol അടിയന്തിരമായി നിരോധിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. Ref-2 ൽ ഇത് സംബന്ധിച്ച ദോഷവശങ്ങൾ പറയുന്നുണ്ട്, ലഹരി വസ്തുക്കൾ സമൂഹത്തിൽ കടന്ന് കയറിയതിന്റെ തിക്തഫലങ്ങൾ നമ്മൾ അനുഭവിക്കുന്നതുപോലെ ഇതും നമ്മെ കീഴടക്കുന്നതിന് മുൻപ് ഈ തിന്മയെ നിരോധിക്കണം.

3. സംഗീത ഉപകരണമെന്ന നിലയിൽ യാതൊരു വിധത്തിലും അംഗീകരിക്കാനാവാത്തതും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിരോധിച്ചിട്ടുള്ളതുമായ അതിതീവ്ര ശബ്ദം പുറപ്പെടുവിക്കുന്ന ഈ Nasik dhol ജനവാസമേഘലകളിലും പൊതുസ്ഥലങ്ങളിലും ഉപയോഗിക്കുന്നില്ലെന്ന് പോലീസ് ഉറപ്പുവരുത്തേണ്ടതാണ്. *"The Travancore Devaswom Board President, Mr. Prayar Goplan said that dhols were not suited for the ambiance of the temple and the loud noise the drums produce were detrimental to the health of the devotees, particularly the aged and the children."*

4. Noise Pollution (Regulation and Control) Rules, 2000 പ്രകാരം Residential Area കളിൽ പകൽ 55dB യും രാത്രിയിൽ 45dB യും മാത്രമാണ് അനുവദനീയമായ ശബ്ദ പരിധി, എന്നാൽ ഈ പരിധി ലംഘിച്ച് 100dB യിലേറെയാണ് Nasik dhol ന്റെ ഡെസിബൽ ലെവൽ. NPR, 2000 പ്രകാരം അനുവദിച്ചിട്ടുള്ളതിൽ നിന്നും പതിന്മടങ്ങ് കൂടുതലായതിനാൽ ആവാസമേഖലകളിൽ ഇത് ഒരുകാരണവശാലും അനുവദിക്കാൻ പാടില്ല.

5. അതിതീവ്ര ശബ്ദം പുറപ്പെടുവിക്കുന്ന ഈ Nasik dhol അനുവാദം വാങ്ങാതെ, കുട്ടികളുടെ സംഘം മന:പൂർവ്വം വാശിയോടെ ആവാസമേഖലകളിലും പൊതുസ്ഥലങ്ങളിലും അത്യുച്ചത്തിൽ നിരന്തരം അരോചകമായി കൊട്ടി Public Nuisance ഉണ്ടാക്കി ഉപദ്രവം ഏൽപ്പിക്കുന്നത് പതിവായിരുക്കുന്നു.

6. ആവാസ മേഖലകളിൽ രാത്രിയിൽ Christmas Carol ന്റെ മറപിടിച്ച് മാരകമായ ഈ Nasik dhol സംഘം അഴിഞ്ഞാട്ടം നടത്തുന്നു, പോലീസ് യാതൊരു നടപടിയുമെടുക്കാതെ നോക്കുകുത്തികളാവുന്നു.

7. Human Rights Commission, Juvenile Justice Board എന്നിവിടങ്ങളിൽ പരാതികൾ നൽകിയിട്ട് യാതൊരു ഫലവുമുണ്ടായിട്ടില്ല.

8. ഈ സംഘത്തിൽ പെട്ട കുട്ടികളുടെ കുടുംബ പശ്ചാത്തലവും, ഈ കുട്ടികളെ തെരുവിലിറക്കുന്നതിന് പിന്നിൽ പ്രവർത്തിക്കുന്നത് ആരാണെന്നും, ഈ കുട്ടികളുടെ വീടുകളിൽ ലഹരി വസ്തുക്കൾ കച്ചവടം നടക്കുന്നുണ്ടോ എന്നും Police വിശദമായി പരിശോധിക്കേണ്ടതാണ്. കുട്ടികൾക്കെതിരെ പോലീസിന് നടപടി എടുക്കാനാവില്ലെന്ന തെറ്റായ ധാരണയാണ് ഇത്തരം കുറ്റകൃത്യങ്ങളിൽ കുട്ടികളെ മുന്നിൽ നിർത്താൻ കാരണം.

9. Christmas Carol ന് ഒരൊറ്റ സ്തുതി ഗീതം പോലും പാടാതെ Nasik dhol മാത്രം അരോചകമായി Public Road ൽ അത്യുച്ചത്തിൽ കൊട്ടി Public Nuisance ഉണ്ടാക്കുന്നത് ആ Community യെ അപമാനിക്കലും ജനദ്രോഹവുമാണ്.

10. വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്ന പ്രായമുള്ളവരും കുഞ്ഞുങ്ങളും ഉൾപ്പെടെ അനേകം പേരെ ഈ പീഡനത്തിന് നിരന്തരം ഇരയാക്കുകയാണ് ഈ സംഘം ചെയ്യുന്നത്. ഒറ്റപ്പെടുത്തലും അനാവശ്യമായ അപമാനിക്കലും ഭയന്ന് ഇതിനെതിരെ പരാതിപ്പെടാൻ ആരും ധൈര്യപ്പെടുന്നില്ല എന്നത് പോലീസിന് നോക്കുകുത്തിയാവാൻ പ്രേരണയാവുകയാണ്.

11. ഓണം, വിഷു, ദീപാവലി, ക്രിസ്തുമസ്, മറ്റ് ഉത്സവങ്ങൾ തുടങ്ങിയ ആഘോഷവേളകളിലെല്ലാം മന:പൂർവ്വം കരുതിക്കൂട്ടി ഇത്തരം സാമൂഹ്യവിരുദ്ധർ അഴിഞ്ഞാട്ടം നടത്തി ആവാസമേഖലകളിലേയും പൊതുസ്ഥലങ്ങളിലേയും അന്തരീക്ഷം അലങ്കോലമാക്കി ജനങ്ങളുടെ സമാധാനം കെടുത്തി ഇന്ത്യൻ ഭരണഘടന പ്രകാരമുള്ള പൗരന്റെ സ്വാതന്ത്ര്യത്തെയും, മനുഷ്യാവകാശത്തെയും ഹനിക്കുന്ന പീഡനം പതിവാക്കിയിരിക്കുകയാണ്.

12. മേൽപറഞ്ഞ കാര്യങ്ങൾ അതീവ ഗൗരവമായെടുത്ത് Ref-5 പ്രകാരം നിയമവിരുദ്ധവും ആരോഗ്യത്തിന് ഹാനികരവുമായ ടി Nasik dhol അടിയന്തിരമായി നിരോധിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

Yours truly,

(Subhash S)